**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **28.01.2019 ൽ** |
| **നിയമസഭാ ചോദ്യം നമ്പർ : 190** | **മറുപടിയ്ക്ക്** |

**<u>മൂന്നാർ ട്രൈബ്യൂണൽ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സർക്കാർ മൂന്നാർ ട്രൈബ്യൂണൽ പിൻവലിച്ചതിനുശേഷം എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട് എന്നറിയിക്കാമോ: ഇവർക്ക് ശമ്പളമായി നൽകി വരുന്നത് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ: | (എ) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിൽ ഇപ്പോൾ മറ്റു വകുപ്പുകളിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ വന്ന 3 ജീവനക്കാരും ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന 11 ജീവനക്കാരും സർക്കാർ നിയമിച്ച 2 മെമ്പർമാരും ഉൾപ്പെടെ 16 ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്. ഇവർക്ക് എല്ലാവർക്കും കൂടി മാസത്തിൽ 6,96,138/- രൂപ (ആറ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുനൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) ശമ്പളമായി നൽകി വരുന്നുണ്ട്. |
| (ബി) നിലവിൽ മൂന്നാർ ട്രൈബ്യൂണലിൽ എത്ര കേസുകളാണ് തീർപ്പാക്കിയത്; ഓരോ കേസിനെയും സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) ബഹു. ഹൈക്കോടതിയിൽ നിന്നും വിവിധ സിവിൽ കോടതികളിൽ നിന്നും വിവിധ റവന്യൂ അധികാരികളിൽ നിന്നും മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന് കൈമാറിയ മൊത്തം 1195 കേസുകളിൽ 568 കേസുകൾ തീർപ്പുകല്പിച്ചിട്ടുണ്ട്.<br><br>ശേഷിക്കുന്ന കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| നം | കേസുകളുടെ വിശദാംശങ്ങൾ | എണ്ണം |
|---|---|---|
| 1 | കേസുകൾ തീർപ്പാക്കുന്നത് ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തവ | 414 |

| | | |
|---|---|---|
| 2 | തിരിച്ച് അയച്ച കേസുകൾ | 26 |
| 3 | നിലവിൽ വിചാരണയിൽ ഇരിക്കുന്ന കേസുകൾ | 187 |
| | ആകെ | 627 |

(സി) മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ എന്നാണ് ട്രൈബ്യൂണൽ പ്രവർത്തിച്ചിരുന്ന കെട്ടിടം തിരികെ പട്ടികവർഗ്ഗ വകുപ്പിനെ എൽപ്പിക്കുന്നതെന്ന് വ്യക്തമാകുമോ;

(സി) 30.07.2018 ലെ സ.ഉ.(കൈ) നം.124/2018/ ആഭ്യന്തരം ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെങ്കിലും ട്രൈബ്യൂണലിലെ നിലവിലുള്ള കേസുകൾ ബന്ധപ്പെട്ട കോടതികളിലേക്ക് തിരികെ നൽകുന്നതിനും മൂന്നാർ ട്രൈബ്യൂണലിലെ നിലവിലുള്ള സ്ഥാവര ജംഗമ വസ്തുക്കൾ സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിനും മൂന്നാർ ട്രൈബ്യൂണൽ ആക്റ്റ് റീപ്പിൽ ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുശേഷം മാത്രമേ ട്രൈബ്യൂണൽ പ്രവർത്തിച്ചിരുന്ന കെട്ടിടം പട്ടികവർഗ്ഗ വകുപ്പിന് തിരികെ എൽപ്പിക്കുകയുള്ളൂ.

(ഡി) ഇവിടെ കെട്ടി കിടക്കുന്ന ഫയലുകൾ മുൻസിഫ് കോടതിയ്ക്ക് എൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ:

(ഇ) ഇപ്പോൾ ഇവിടത്തെ ജീവനക്കാർക്ക് നൽകുന്ന ശമ്പള ബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഡി) യും (ഇ) യും ബഹു.കേരള ഹൈക്കോടതിയുടെ വിധികൾ പ്രകാരം 2 കേസ് ഫയലുകൾ സബ് കോടതിയ്ക്കും 2 കേസ് ഫയലുകൾ മുൻസിഫ് കോടതിയ്ക്കും കൈമാറിയിട്ടുണ്ട്. മൂന്നാർ ട്രൈബ്യൂണൽ ആക്റ്റ് റീപ്പിൽ ചെയ്തുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന കെട്ടി കിടക്കുന്ന ഫയലുകൾ ബന്ധപ്പെട്ട കോടതിയ്ക്ക് എൽപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതും ഇവിടത്തെ ജീവനക്കാർക്ക് നൽകുന്ന ശമ്പള ബാധ്യത ഒഴിവാക്കുന്നത് സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നതുമാണ്.

സെക്ഷൻ ഓഫീസർ